2026
MARCH
20
FRIDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# പക്ഷിപ്പനി: മുഹമ്മ ഗ്രാമപഞ്ചായത്തിലെ ഏഴാം വാർഡിൽ പക്ഷിപ്പനി സ്ഥിരീകരിച്ചു



**ആലപ്പുഴ:** ആലപ്പുഴ ജില്ലയിലെ മുഹമ്മ ഗ്രാമപഞ്ചായത്തിലെ ഏഴാം വാർഡിൽ പക്ഷിപ്പനി (H5N1) സ്ഥിരീകരിച്ചു. ജില്ലാ കളക്ടർ കെ. ഇമ്പശേഖറിന്റെ അധ്യക്ഷതയിൽ കൂടിയ വിവിധ വകുപ്പുകളുടെ അടിയന്തര യോഗത്തിൽ ഇന്ത്യ ഗവൺമെന്റിന്റെ 2021-ലെ പക്ഷിപ്പനി പ്രതിരോധ നിയന്ത്രണ ആക്ഷൻ പ്ലാൻ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുവാൻ തീരുമാനമായി.

പ്രഭവകേന്ദ്രത്തിന് ഒരു കിലോമീറ്റർ ചുറ്റളവിലുള്ള വളർത്തുപക്ഷികളെ കൊന്നു നശിപ്പിക്കുന്നതിനുള്ള (കള്ളിങ്) ദ്രുതകർമ്മ സേനകളും അനുബന്ധ ഒരുക്കങ്ങളും മൃഗസംരക്ഷണ വകുപ്പ് സജ്ജമാക്കിയിട്ടുണ്ട്. മുഹമ്മ പഞ്ചായത്തിലെ പ്രഭവകേന്ദ്രത്തിന് ഒരു കിലോമീറ്റർ ചുറ്റളവിൽ 5961 വളർത്തുപക്ഷികളെയാണ് കൊന്നു നശിപ്പിക്കേണ്ടത്. കള്ളിങ് പ്രവർത്തനങ്ങൾ മാർച്ച് 21 രാവിലെ മുതൽ തുടങ്ങും. ബന്ധപ്പെട്ട വിവിധ വകുപ്പുകൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങളും ജില്ലാ കളക്ടർ നൽകി. ജില്ലയിൽ പക്ഷിപ്പനി സ്ഥിരീകരിച്ച സാഹചര്യത്തിൽ പൊതുജനങ്ങൾ ജാഗ്രത പാലിക്കണമെന്നും പക്ഷികളിൽ അസ്വാഭാവിക കൂട്ടമരണം ശ്രദ്ധയിൽപ്പെട്ടാൽ അടുത്തുള്ള മൃഗാശുപത്രിയിൽ അറിയിക്കേണ്ടതാണെന്നും അസ്വാഭാവികമായി മരണപ്പെടുന്ന പക്ഷികളെ കൈകാര്യം ചെയ്യുമ്പോൾ മാസ്ക്, കൈയുറ തുടങ്ങിയ സുരക്ഷാ മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണെന്നും അറിയിച്ചു. ചത്ത പക്ഷികളെ ആഴത്തിൽ കുഴിയെടുത്ത് കുമ്മായം, ബ്ലീച്ചിങ് പൗഡർ മുതലായ അണുനാശിനികൾ ഇട്ട് മൂടേണ്ടതാണ്. പക്ഷികളെ വളർത്തുന്ന ഫാമുകളിൽ ജൈവസുരക്ഷ ഉറപ്പാക്കണമെന്നും അറിയിച്ചു.

കളക്ടറുടെ ചേമ്പറിൽ കൂടിയ യോഗത്തിൽ ദുരന്ത നിവാരണ ഡെപ്യൂട്ടി കളക്ടർ ജിനു പുന്നൂസ്, ജില്ലാ മൃഗസംരക്ഷണ ഓഫീസർ ഡോ. കെ.സി. പ്രസാദ്, ചീഫ് വെറ്ററിനറി ഓഫീസർ ഡോ. പി. രാജീവ്, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# മീഡിയ സർട്ടിഫിക്കേഷൻ ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി സെൽ പ്രവർത്തനമാരംഭിച്ചു



*നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പി. ആർ. ഡി. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ പ്രവർത്തനമാരംഭിച്ച മീഡിയ സർട്ടിഫിക്കേഷൻ ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി (എംസിഎംസി) സെൽ ജില്ലാ കളക്ടർ ജി. പ്രിയങ്ക ഉദ്ഘാടനം നിർവഹിക്കുന്നു.*

**കൊച്ചി:** നിയമസഭാ തിരഞ്ഞെടുപ്പിനോടുബന്ധിച്ച് പ്രവർത്തനമാരംഭിച്ച മീഡിയ സർട്ടിഫിക്കേഷൻ ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി (എംസിഎംസി) ഓഫീസിന്റെ ഉദ്ഘാടനം ജില്ലാ കളക്ടർ ജി. പ്രിയങ്ക നിർവഹിച്ചു. ഇലക്ട്രോണിക് - ഓൺലൈൻ മാധ്യമങ്ങളിൽ നൽകുന്ന പരസ്യങ്ങൾക്ക് അംഗീകാരം നൽകുന്നതിനും പണമോ പാരിതോഷികമോ സ്വീകരിച്ച് നൽകുന്ന വാർത്തകൾ നിരീക്ഷിക്കുന്നതിനുമുള്ള സംവിധാനമാണിത്. ജില്ലാ കളക്ടറാണ് സമിതിയുടെ ചെയർപേഴ്സൺ. ജില്ലാ ഇൻഫർമേഷൻ ഓഫീസർ എൻ.ബി. ബിജു നോഡൽ ഓഫീസറും മെമ്പർ സെക്രട്ടറിയുമാണ്. ജില്ലയിലെ 14 മണ്ഡലങ്ങളിലെ റിട്ടേണിംഗ് ഓഫീസർമാർ, പി.ഐ.ബി. അസിസ്റ്റന്റ് ഡയറക്ടർ, സ്വതന്ത്ര്യ മാധ്യമ പ്രവർത്തകൻ വി.വി. വേണുഗോപാൽ എന്നിവരാണ് സമിതിയിലെ അംഗങ്ങൾ.

കാക്കനാട് സിവിൽ സ്റ്റേഷനിലെ ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിയഷൻസ് വകുപ്പ് റീജണൽ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിലാണ് എം.സി.എം.സി. സജ്ജമാക്കിയിട്ടുള്ളത്. മാധ്യമ നിരീക്ഷണത്തിനും പരസ്യങ്ങളുടെ സാക്ഷ്യപ്പെടുത്തലിനുമായി വിപുലമായ സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്.

രണ്ടു ഷിഫ്റ്റുകളിലായാണ് എം സി എം സി പ്രവർത്തിക്കുക. ചടങ്ങിൽ അസിസ്റ്റന്റ് എഡിറ്റർ എ.ടി. രമ്യ, അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ സി.ഡി. റെൻസി, എം.സി.എം.സി. അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

# പൊതുഅവധി ദിവസങ്ങളിൽ നാമനിർദ്ദേശ പത്രിക സ്വീകരിക്കില്ല

**കൊച്ചി:** നിയമസഭാ തിരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രികകൾ പൊതുഅവധി ദിവസങ്ങളിൽ സ്വീകരിക്കില്ലെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു. പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി മാർച്ച് 23 (തിങ്കൾ) ആണ്. 1951-ലെ ജനപ്രാതിനിധ്യ നിയമത്തിലെ സെക്ഷൻ 33(1) പ്രകാരം പൊതുഅവധി ദിവസങ്ങളിൽ വരണാധികാരികൾക്ക് നാമനിർദ്ദേശ പത്രികകൾ സ്വീകരിക്കാൻ അനുവാദമില്ല. നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്ട് പ്രകാരം നാളെ (ഈദുൽ ഫിത്തർ/റംസാൻ) പൊതുഅവധിയായി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

അതിനാൽ ഈ ദിവസം പത്രികകൾ സ്വീകരിക്കില്ല. പത്രികാ സമർപ്പണത്തിന് പരിമിതമായ സമയം മാത്രമേ ലഭ്യമാകൂ എന്നതിനാൽ, രാഷ്ട്രീയ പാർട്ടികൾ തങ്ങളുടെ സ്ഥാനാർത്ഥികൾക്ക് ഇതു സംബന്ധിച്ച് കൃത്യമായ നിർദ്ദേശം നൽകണമെന്നും സമയബന്ധിതമായി പത്രികകൾ സമർപ്പിക്കുന്നുവെന്ന് ഉറപ്പാക്കണമെന്നും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ യു ഖേൽക്കർ അറിയിച്ചു. തിരഞ്ഞെടുപ്പ് കമ്മീഷന്റെ മാർച്ച് 16-ലെ വിജ്ഞാപന പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചായിരിക്കണം പത്രികാ സമർപ്പിക്കേണ്ടത്.

## ഇന്നത്തെ പരിപാടി

### പെരുമ്പാവൂർ

- **കുറിച്ചിലക്കോട് ആനക്കൽ ദേവീ ക്ഷേത്രം :** ചിലമ്പ് ഉത്സവം – ഉച്ചയ്ക്ക് 12.30ന് മഹാപ്രസാദ ഊട്ട്, വൈകിട്ട് 7ന് താലഘോഷയാത്ര, പുഷ്പാഭിഷേകം, ശിങ്കാരിമേളം.

### വൈപ്പിൻ

- **ഞാറക്കൽ ശ്രീ ബാലഭദ്രദേവി ക്ഷേത്രം :** ആറാട്ട് മഹോത്സവം രാവിലെ 6ന്.
- **ചെറായി അഴീക്കൽ ശ്രീ വാരഹ ദേവസ്വം ക്ഷേത്രം :** ചെറായി രഥോത്സവം – വൈകിട്ട് 6.30ന് വീണക്കച്ചേരി.

### കാലടി

- **മലയാറ്റൂർ പന്തയ്ക്കൽ വിഷ്ണു ഭഗവതി ക്ഷേത്രം :** മീനഭരണി മഹോത്സവം രാവിലെ 5ന്.
- **കാഞ്ഞൂർ തുറവുംകര പുളിയാമ്പിള്ളി ശ്രീഭദ്രകാളി ക്ഷേത്രം :** പുളിയാമ്പിള്ളികാവ് മീനഭരണി താലപ്പൊലി പൊങ്കാല മഹോത്സവം വൈകിട്ട് 6ന് ദീപാരാധന ദീപക്കാഴ്ച.

### വരാപ്പുഴ

- **ആലങ്ങാട് കാവ് ഭഗവതി ക്ഷേത്രം :** വേട്ടയ്ക്കരപ്പാട് മുടിയേറ്റ് താലപ്പോലി ഉത്സവം രാത്രി 7ന് കഥകളി.

### കോതമംഗലം

- **തൃക്കാരിയൂർ മഹാദേവ ക്ഷേത്രം :** ഉത്സവം പുലർച്ചെ 5 മുതൽ.
- **തിരുവാരപ്പെട്ടി മഹാദേവ ക്ഷേത്രം :** ഉത്സവം പുലർച്ചെ 5 മുതൽ.
- **കോതമംഗലം ദേവഗിരി ശ്രീനാരായണ ഗുരുദേവ ക്ഷേത്രം :** പ്രതിഷ്ഠാ ഉത്സവം രാവിലെ 6 മുതൽ

## സ്ത്രീകൾക്ക് തൊഴിൽ പരിശീലനം

**കൊച്ചി:** രുചിയേറും ബിരിയാണികൾ തയ്യാറാക്കുന്നതിൽ ഇസാഫ് ഫൗണ്ടേഷൻ സ്ത്രീകൾക്ക് പരിശീലനം നൽകുന്നു. 24ന് കൊച്ചിയിലെ ഇസാഫ് ഫൗണ്ടേഷൻ ട്രെയ്നിംഗ് സെന്ററിലാണ് ക്ലാസ്. കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക, 9072600771.

# നിയമസഭാ തിരഞ്ഞെടുപ്പ്: ജില്ലയിൽ നാല് നാമനിർദ്ദേശ പത്രികകൾ സമർപ്പിച്ചു

**കൊച്ചി :** ഇന്ന് ജില്ലയിലെ 14 നിയമസഭാ മണ്ഡലങ്ങളിൽ നിന്നായി നാല് പത്രികകളാണ് ലഭിച്ചത്. അങ്കമാലി മണ്ഡലത്തിൽ സുഫിൽ സെബാസ്റ്റ്യൻ (സ്വതന്ത്രൻ), കളമശ്ശേരി മണ്ഡലത്തിൽ വി ഇ അബ്ദുൽ ഗഫൂർ ( ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗ്), കോതമംഗലം മണ്ഡലത്തിൽ ആന്റണി ജോൺ (സിപിഐ (എം), ഷിബു (കേരള കോൺഗ്രസ്) എന്നിവരാണ് അതത് മണ്ഡലം റിട്ടേണിംഗ് ഓഫീസർമാർക്ക് മുന്നിൽ നാമനിർദ്ദേശപത്രിക സമർപ്പിച്ചത്.

# മത–സാമൂഹിക കേന്ദ്രങ്ങൾ സന്ദർശിച്ച് ടി.ജെ. വിനോദ്



**കൊച്ചി:** മത- സാമൂഹിക കേന്ദ്രങ്ങളിൽ വോട്ടർമാരെ സന്ദർശിച്ച് ടി.ജെ. വിനോദ് പ്രചരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. എറണാകുളം മണ്ഡലത്തിലെ വടുതലയിലെ ലൂർദ് ആശുപത്രി പരിസരത്തെ സ്ക്രേഡ് ഹാർട്ട് കോൺവെന്റ്, സെന്റ് ജോസഫ് പ്രൊവിഷ്യലേറ്റ് എന്നീ സ്ഥാപനങ്ങൾ സന്ദർശിച്ചു. തുടർന്ന് ഡോൺ ബോസ്കോ യൂത്ത് സെന്റർ സന്ദർശിച്ച എം.എൽ.എ.ഫാദർ കുര്യാക്കോസ് ശസ്തകലുമായി കൂടിക്കാഴ്ച നടത്തി. വടുതല ശ്രീമൽ ഗണപതി ക്ഷേത്രവും ശ്രീ സുബ്രഹ്മണ്യ ക്ഷേത്രവും സന്ദർശിച്ച അദ്ദേഹം ക്ഷേത്ര ഭാരവാഹികളായ സുരേന്ദ്രൻ (പ്രസിഡന്റ്), വിനോജ് (സെക്രട്ടറി) എന്നിവരുമായി ആശയവിനിമയം നടത്തി. പിന്നീട് സെന്റ്. ആന്റണിസ് പള്ളിയിലെ ഫാദർ ആന്റണി ചെറിയകടവിലിനെയും അമലംബിക കോൺവെന്റിലെ സ്റ്റിസേഴ്സ് എന്നിവരെയും എം.എൽ.എ സന്ദർശിച്ചു. വടുതല പള്ളിക്കാവ് ക്ഷേത്രം, ഇരട്ടകുളങ്ങര കാട്ടുങ്കൽ ഭഗവതി ക്ഷേത്രം, ലൂർദ്പുരം പള്ളി, തീരുകുടുംബ ആശ്രയ ദേവാലയം, കോൺവെന്റുകൾ എന്നിവിടങ്ങളിലും സന്ദർശനം നടത്തി. ചേരാനെല്ലൂർ ഇടയകുന്നിൽ നടന്ന ജനസേവാ കേന്ദ്രത്തിന്റെ ഉത്ഘാടന ചടങ്ങിലും എം.എൽ.എ പങ്കെടുത്തു. തുടർന്ന് അയ്യപ്പൻകാവ് ശ്രീ നാരായണ ധർമസമാജം ഓഫീസിൽ എത്തി സെക്രട്ടറി പി.ഐ രാജീവുമായി കൂടിക്കാഴ്ച നടത്തി. പ്രസിഡന്റ് ശോഭനനുമായി ഫോൺ മുഖേന ആശയ വിനിമയം നടത്തിയതിനു ശേഷമാണ് അദ്ദേഹം മടങ്ങിയത്.കലൂർ ജുമാ മസ്ജിദ് സന്ദർശിച്ചു ഡോ.താഹ മൽഹാറിയുമായി സാന്നിധ്യത്തിൽ നോമ്പ് സൽക്കാരത്തിൽ പങ്കുചേർന്നു. നേർച്ച സദ്യ ഒരുക്കുന്ന പള്ളികളിൽ കൂടി സന്ദർശനം നടത്തി. നാളെയും പ്രചരണ പരിപാടികൾ തുടരുമെന്ന് സ്ഥാനാർഥിയും സിറ്റിങ് എം.എൽ.എ യുമായ ടി.ജെ വിനോദ് അറിയിച്ചു.

# മൂലംപള്ളി പുനരധിവാസം: മുന്നണികൾ നിലപാട് വ്യക്തമാക്കണമെന്ന്




**കൊച്ചി:** വികസന പദ്ധതികൾക്ക് വേണ്ടി വീടുകളും തൊഴിൽ സ്ഥാപനങ്ങളും വിട്ടുകൊടുക്കേണ്ടി വരുന്ന കുടുംബങ്ങളുടെ പുനരധിവാസം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനെ സംബന്ധിച്ച് മുന്നണികൾ തങ്ങളുടെ നിലപാടുകൾ വ്യക്തമാക്കണമെന്ന് ജസ്റ്റിസ് പി.കെ ഷംസുദ്ദീൻ ആവശ്യപ്പെട്ടു. വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ പദ്ധതിക്ക് വേണ്ടി മുളവുകാട്, മൂലംപള്ളി, കോതാട്, ചേരാനല്ലൂർ, ഏലൂർ, മഞ്ഞുമ്മൽ, വടുതല, ഇളമക്കര, പോണേക്കര, കടുങ്ങല്ലൂർ തുടങ്ങിയ പ്രദേശങ്ങളിൽ നിന്ന് ബദൽ സംവിധാനങ്ങൾ ഇല്ലാതെ കുടിയൊഴിപ്പിക്കപ്പെട്ട 316 കുടുംബങ്ങളുടെ പുനരുധിവാസത്തിനായി വിജ്ഞാപനം ചെയ്ത മൂലംപള്ളി പാക്കേജിന്റെ പതിനെട്ടാം വാർഷികത്തിൽ കച്ചേരിപ്പടി ഗാന്ധിഭവനിൽ നടത്തിയ ജാഗ്രത കൂട്ടായ്മ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഇതിനകം 41 പേർ പുനരധിവാസ ആനുകൂല്യങ്ങൾ ലഭിക്കാതെ തന്നെ മരണപ്പെട്ടു. ബഹുഭൂരിപക്ഷം കുടുംബങ്ങൾക്കും പുനരധിവാസത്തിനായി ലഭിച്ചത് ചതുപ്പ് സമാനമായ ഭൂമികൾ ആയതിനാൽ വീടുകൾ നിർമ്മിക്കുവാൻ സാധിച്ചിട്ടില്ല. നാല് സർക്കാരുകൾ മാറിവന്നിട്ടും പാക്കേജ് പൂർണ്ണമായും നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല. പുനരധിവാസം സർക്കാരിന്റെ ഉത്തരവാദിത്തമാണ് എന്ന ഉത്തമ ബോധ്യത്തോടെ അധികാര കേന്ദ്രങ്ങൾ പ്രവർത്തിക്കണം. കുറഞ്ഞപക്ഷം കുടുംബങ്ങൾക്ക് അനുവദിച്ച തിരിച്ചറിയൽ കാർഡ് എങ്കിലും വിതരണം ചെയ്യണമെന്നും കുടുംബങ്ങളിലെ തൊഴിൽ രഹിതരായ അഭ്യസ്തവിദ്യർക്ക് ഉത്തരവു പ്രകാരം പദ്ധതിയിൽ തൊഴിൽ നൽകണമെന്നും കുടുംബങ്ങൾ ജാഗ്രത കൈവിടാതെ പോരാട്ടത്തിന്റെ പാതയിൽ തുടരണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

കോർഡിനേഷൻ കമ്മിറ്റിയുടെ ജനറൽ കൺവീനർ ഫ്രാൻസിസ് കളത്തുങ്കൽ അധ്യക്ഷത വഹിച്ചു. പ്രൊഫസർ കെ അരവിന്ദാക്ഷൻ, അഡ്വക്കേറ്റ് സി ആർ നീലകണ്ഠൻ, വിപി വിൽസൻ, കെ റെജികുമാർ, രാജീവ് പാട്രിക് കെസിവൈഎം, കുരുവിള മാത്യൂസ്, സുരേഷ് പി എസ്, മാർട്ടിൻ വി ഡി, ജോർജ്ജ് അമ്പാട്ട്, മൈക്കിൾ പി.എം, ഉണ്ണികൃഷ്ണൻ കടുങ്ങല്ലൂർ, സോളി ഇടപ്പിള്ളി തുടങ്ങിയവർ പ്രസംഗിച്ചു.

# നിയമസഭാ തിരഞ്ഞെടുപ്പ്: അഞ്ച് സ്ഥാനാർഥികളെക്കൂടി ട്വന്റി20 – എൻഡിഎ പ്രഖ്യാപിച്ചു

**കൊച്ചി:** നിയമസഭാ തിരഞ്ഞെടുപ്പിൽ അഞ്ച് നിയോജകമണ്ഡലങ്ങളിലെ സ്ഥാനാർഥികളെക്കൂടി ട്വന്റി20-എൻഡിഎ പ്രഖ്യാപിച്ചു. ഏറ്റുമാനാർ, പത്തനാപുരം, മൂവാറ്റുപുഴ, പുനലൂർ, പെരുമ്പാവൂർ എന്നിവടങ്ങളിലെ സ്ഥാനാർഥികളെയാണ് ട്വന്റി20 സംസ്ഥാന പ്രസിഡന്റ് സാബു.എം. ജേക്കബ് ഇന്നലെ പ്രഖ്യാപിച്ചത്. ഏറ്റുമാനൂർ നിയമസഭ മണ്ഡലത്തിലെ എൻ.ഡി.എ സ്ഥാനാർഥിയായി കഴിഞ്ഞ ദിവസം നിശ്ചയിച്ച വീണാ നായർക്ക് പകരം ശാസ്ത്രീയ സംഗീതജ്ഞയും നർത്തകിയുമായ ആതിര ഡി. നായർ മൽസരിക്കും. കേവലം 25 വയസ് പ്രായമുള്ള ആതിര എൻ.ഡി.എ സഖ്യത്തിന്റ കേരളത്തിലെ ഏറ്റവും പ്രായം കുറഞ്ഞ സ്ഥാനാർഥിയാണെന്ന് ട്വന്റി20 പാർട്ടി പ്രസിഡന്റ് സാബു എം. ജേക്കബ് പറഞ്ഞു. കമ്പ്യൂട്ടർ സയൻസിൽ മാസ്റ്റർ ഡിഗ്രിയുള്ള ആതിര സംരംഭകയും, സോഷ്യൽ മീഡിയ ഇൻഫ്ളുവൻസറുമാണ്. സാങ്കേതിക കാരണങ്ങളാൽ ഏറ്റുമാനൂരിൽ ആദ്യം പ്രഖ്യാപിച്ച സ്ഥാനാർഥിയെ മാറ്റേണ്ടിവന്നപ്പോൾ മണിക്കൂറുകൾക്കകം പുതിയ സ്ഥാനാർഥിയെ പാർട്ടി പ്രഖ്യാപിച്ചു. ഏറ്റുമാനൂർ സ്വദേശിനിയായ ആതിര രണ്ടര വർഷം മാന്നാനം കെ.ഇ.സ്കൂളിൽ അദ്ധ്യാപികയുമായിരുന്നു. ബീഹാറിലെ മൈഥലി ഠാക്കൂറിനെപ്പോലെ ബഹുമുഖ പ്രതിഭയാണ് ആതിരയെന്നും സാബു ജേക്കബ് പറഞ്ഞു.

മുൻ എയർ ഫോഴ്സ് ഉദ്യോഗസ്ഥനും, മാനേജ്മെന്റ് വിദഗ്ദനുമായ അനിൽ കുമാർ. എസ് (അനിൽ പിള്ള) ആണ് പത്തനാപുരത്ത് എൻ.ഡി.എയെ പ്രതിനിധീകരിക്കുന്നത്. സഹപ്രവർത്തകരുടെ ഇടയിൽ "ജെന്റിൽമാൻ സോൾജ്യർ" എന്ന വിശേഷണമുള്ള അനിൽ പിള്ള എം.ബി.എ, എം.എസ്.ഡബ്ല്യു, എൽ.എൽ.ബി ബിരുദധാരിയാണ്. നിലവിൽ നാഷണൽ എക്സ്-സർവീസ്മെൻ കോർഡിനേഷൻ കമ്മിറ്റിയുടെ നാഷണൽ വൈസ് ചെയർമാനായി പ്രവർത്തിക്കുന്നു. മോട്ടിവേഷൻ കോച്ച്, കരിയർ കൗൺസിലർ, ആർ.ടി.ഐ പ്രവർത്തകൻ, മനുഷ്യാവകാശ പ്രവർത്തകൻ, മാനേജ്മെന്റ് കൺസൾട്ടന്റ് എന്നീ നിലകളിലും അദ്ദേഹം സജീവമാണ്. സംസ്ഥാന സർക്കാർ കൊണ്ടുവന്ന വിവാദ വന്യജീവി കാർഷിക നിയമ ഭേദഗതി നിർദ്ദേശങ്ങൾക്കെതിരെ കേരളത്തിൽ ആദ്യമായി കർഷകരെ സംഘടിപ്പിച്ച് കോതമംഗലത്ത് പ്രതിഷേധ സമരം സംഘടിപ്പിച്ച സണ്ണി കടൂത്താഴെയാണ് മുവാറ്റുപുഴയിലെ എൻ.ഡി.എ സ്ഥാനാർത്ഥി. ഇടുക്കി ചെമ്പകപ്പാറ സ്വദേശിയായ സണ്ണി കഴിഞ്ഞ 22 വർഷമായി കോതമംഗലത്ത് പ്രവർത്തിക്കുന്ന മിൽവോക്കി അക്കാദമിയുടെ മാനേജിംഗ് ഡയറക്ടറാണ്. ഒപ്പം കേരളത്തിലെ അറിയപ്പെടുന്ന മോട്ടിവേഷൻ ട്രെയിനറും, കത്തോലിക്ക കോൺഗ്രസ് കോതമംഗലം രൂപത പ്രസിഡന്റ്, പാസ്റ്ററൽ കൗൺസിൽ അംഗം എന്നീ നിലകളിലും പ്രശസ്തനാണ്. തായ്വാനിൽ 2000-ൽ നടന്ന ഏഷ്യൻ യുവജന സമ്മേളനത്തിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് പങ്കെടുത്തിട്ടുള്ള സണ്ണി ലഹരി വിരുദ്ധ പ്രവർത്തനങ്ങളിലും സജീവമാണ്. പുനലൂർ നിയമസഭ മണ്ഡലത്തിൽ അഡ്വ.ബി.രഘുനാഥൻ പിള്ള (അഡ്വ. രഘുനാഥ് കമുകുംചേരി)യാണ് സ്ഥാനാർത്ഥി. അഭിഭാഷകനും പുനലൂർ എസ്.എൻ കോളേജിലെ മുൻ അദ്ധ്യാപകനുമാണ് രഘുനാഥ്. പത്തനംതിട്ട ജില്ലാ പഞ്ചായത്തിലേയ്ക്ക് മത്സരിച്ചിട്ടുള്ള രഘുനാഥിന്റെ നിയമസഭയിലേയ്ക്കുള്ള ആദ്യ അങ്കമാണിത്. ബി.ജെ.പി സഹയാത്രികനാണ് രഘുനാഥ്. പെരുമ്പാവൂർ അല്ലപ്ര സ്വദേശിയും യാക്കോബായ സിറിയൻ ഓർത്തഡോക്സ് സഭ മാനേജിംഗ് കമ്മറ്റി അംഗവുമായ ജിബി വർഗീസ്( ജിബി പാത്തിയ്ക്കൽ) പെരുമ്പാവൂരിൽ എൻ.ഡി.എയ്ക്ക് വേണ്ടി ജനവിധി തേടുന്നത്. കഴിഞ്ഞ ദിവസം പ്രഖ്യച്ച ലക്ഷ്മി പ്രിയയ്ക്ക് പകരമാണ് ജിബി വർഗീസിനെ പ്രഖ്യാപിച്ചത്. വോട്ടേഴ്സ് ലിസ്റ്റിൽ പേരില്ലാതെ വന്നതുകൊണ്ടാണ് ലക്ഷ്മി പ്രിയയുടെ സ്ഥാനാർത്ഥിത്വം പാർട്ടി പിൻവലിച്ചത്. വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെ പൊതുപ്രവർത്തന രംഗത്ത് സജീവമായ ജിബി ട്രാവൽ ആന്റ് ടൂറിസം രംഗത്ത് യു.കെ.ബഹറിൻ, യു.എ.ഇ എന്നീ രാജ്യങ്ങളിൽ പ്രവർത്തിച്ചിട്ടുണ്ട്. കോൺഗ്രസ് പാർട്ടിയുടെ മണ്ഡലം പ്രസിഡന്റ്, യാക്കോബായ യൂത്ത് അസ്സോസിയേഷൻ സെക്രട്ടറി തുടങ്ങിയ നിലയിലും പ്രവർത്തിച്ചിട്ടുണ്ട്. ടന്റി20 പാർട്ടി രൂപീകരിച്ചപ്പോൾ മുതൽ പാർട്ടിയുടെ സഹയാത്രികൻ കൂടിയായിരുന്നു ജിബി.



ആതിര ഡി. നായർ



അനിൽകുമാർ എസ്.



സണ്ണി കടൂത്താഴെ



ജിബി വർഗീസ്

# കോൺഗ്രസ് നിലപാട് യുഡിഎഫ് ടീം സ്പിരിറ്റിന് വിരുദ്ധം: ജെ.എസ്.എസ്

**കൊച്ചി:** പാർട്ടി രൂപീകരിച്ച നാൾ മുതൽ യു.ഡി.എഫിനൊപ്പം ഘടക കക്ഷിയായി നിലകൊള്ളുന്ന ജെ.എസ്.എസിന് നിയമസഭാ തിരഞ്ഞെടുപ്പിൽ സീറ്റ് നിഷേധിച്ച നടപടി പ്രതിഷേധാർഹമാണെന്നും ടീം യുഡിഎഫിന്റെ സ്പിരിറ്റ് ഉൾക്കൊണ്ടുള്ള നടപടിയല്ല കോൺഗ്രസിന്റെയും യുഡിഎഫിന്റെയും നേതൃത്വത്തിൽ നിന്നും ഉണ്ടായിരിക്കുന്നതെന്നും ജെ.എസ്. എസ് സംസ്ഥാന ജനറൽ സെക്രട്ടറിയും മുൻ എം.എൽ.എയുമായ അഡ്വ. എ.എൻ രാജൻ ബാബു പറഞ്ഞു. സാമൂഹ്യനീതി രാഷ്ട്രീയ കാലഘട്ടത്തിന്റെ ആവശ്യമാണ്. എന്നാൽ ഇതിന് തുരങ്കം വെയ്ക്കുന്ന നിലപാടാണ് ഇപ്പോൾ ജെ.എസ്.എസിന് സീറ്റ് നിഷേധിച്ചതിലൂടെ കോൺഗ്രസ് നേതൃത്വവും യുഡിഎഫ് നേതൃത്വവും സ്വീകരിച്ചിരിക്കുന്നത്. ഉടുമ്പൻചോല, വൈപ്പിൻ, അമ്പലപ്പുഴ സീറ്റ് ആവശ്യപ്പെട്ട് യു.ഡി.എഫ്, കോൺഗ്രസ് നേതൃത്വങ്ങൾക്ക് പാർട്ടി കത്തു നൽകിയിരുന്നതാണ്. കെ. ആർ ഗൗരിയമ്മയുടെ നേതൃത്വത്തിൽ 94 ൽ ജെ.എസ്.എസ് രൂപം കൊണ്ട നാൾ മുതൽ പാർട്ടി യുഡിഎഫിന്റെ അഭിഭാജ്യഘടകമായിട്ടാണ് നിലകൊള്ളുന്നത്. 2001 ൽ അരൂരിൽ അടക്കം പാർട്ടി അഞ്ചു സീറ്റിൽ മൽസരിക്കുകയും നാലിടത്ത് വിജയിച്ച് കെ.ആർ ഗൗരിയമ്മ അന്നത്തെ എ.കെ ആന്റണി മന്ത്രി സഭയിൽ കൃഷി മന്ത്രിയാകുകയും ചെയ്തതാണ്. പിന്നീട് രാഷ്ട്രീയ സമവാക്യങ്ങൾ മാറി മറിഞ്ഞപ്പോഴും യുഡിഎഫിനൊപ്പമാണ് ജെ.എസ്.എസ് നിലകൊണ്ടത്. ഇതെല്ലാം മറന്നുകൊണ്ടുള്ള നിലപാടാണ് നിലവിലെ കോൺഗ്രസ്, യുഡിഎഫ് നേതൃത്വം സ്വീകരിക്കുന്നതെന്നും തുടർ നടപടികൾ സംബന്ധിച്ച് പാർട്ടി ആലോചിച്ച് തീരുമാനമെടുക്കുമെന്നും അഡ്വ. എ. എൻ രാജൻ ബാബു പറഞ്ഞു.

## അസ്സോസിയേഷൻ ഓഫ് കൊച്ചിൻ നെഫ്രോളജിസ്റ്റിന്റെ വാർഷിക സമ്മേളനം 22ന്

**കൊച്ചി :** അസ്സോസിയേഷൻ ഓഫ് കൊച്ചിൻ നെഫ്രോളജിസ്റ്റിന്റെ 6-ാമത് വാർഷിക സമ്മേളനത്തിന്റെ ഭാഗമായി മെഡിക്കൽ തുടർ വിദ്യാഭ്യാസ പരിപാടി മാർച്ച് 22ന് രാവിലെ 9.30ന് ഐഎംഎ ഹൗസിൽ നടക്കും. കേരളത്തിലെ ഏകദേശം 150 പ്രഗൽഭ വൃക്കരോഗ വിദഗ്ധർ സമ്മേളനത്തിൽ പങ്കെടുക്കും. ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കായി ക്വിസ് മത്സരവും സംഘടിപ്പിക്കും.വൃക്കരോഗ ചികിത്സാരംഗത്തെ സമകാലിക വിവരങ്ങളും ഗവേഷണ പ്രബന്ധങ്ങളും സമ്മേളനത്തിൽ അവതരിപ്പിക്കുമെന്ന് അസ്സോസിയേഷൻ ഓഫ് കൊച്ചിൻ നെഫ്രോളജിസ്റ്റസ് പ്രസിഡന്റ് ഡോ. മാമൻ എം. ജോൺ, സെക്രട്ടറി ഡോ. അനിൽ മാത്യു എന്നിവർ അറിയിച്ചു.

## ആന്റി ഡീഫേസ്മെന്റ് സ്ക്വാഡ് നീക്കം ചെയ്തത 1726 പ്രചരണ ബോർഡുകൾ

**കൊച്ചി:** നിയമസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ജില്ലയിൽ ആന്റി ഡീഫേസ്മെന്റ് സ്ക്വാഡിന്റെ നേതൃത്വത്തിൽ ഇതുവരെ നീക്കം ചെയ്തത് 1726 പ്രചരണ ബോർഡുകൾ.

വിവിധ രാഷ്ട്രീയപാർട്ടികളുടെ 1281 പോസ്റ്ററുകൾ, 75 ബാനറുകൾ, നാല് ചുവരെഴുത്തുകൾ, 16 മറ്റ് പ്രചരണ ബോർഡുകൾ എന്നിവയാണ് ഇന്ന് നീക്കം ചെയ്തത്. നിഷ്പക്ഷവും സുതാര്യവുമായ തിരഞ്ഞെടുപ്പ് ഉറപ്പാക്കുന്നതിന്റെ ഭാഗമായി രൂപീകരിച്ച ജില്ലാതല ആന്റി ഡീഫേസ്മെന്റ് സ്ക്വാഡ് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ പരിശോധ നടത്തി. പെരുമാറ്റച്ചട്ടലംഘനവുമായി ബന്ധപ്പെട്ട പരാതികൾ പൊതുജനങ്ങൾക്ക് സി-വിജിൽ (cVIGIL) ആപ്പ് വഴിയോ mccernakulam2026@gmail.com ഇ-മെയിൽ വിലാസത്തിലോ അയക്കാം.

ചട്ടലംഘനങ്ങളുടെ ചിത്രങ്ങളോ വീഡിയോകളോ ആണ് തത്സമയം അയക്കാവുന്നതാണ്. സി-വിജിൽ ആപ്പിൽ ഇന്ന് 137 പരാതികളാണ് ലഭിച്ചത്. ഇതിൽ 134 പരാതികളിൽ നടപടി സ്വീകരിച്ചു.

# സിബിൽ സ്കോർ സ്വയം നിരീക്ഷിക്കുന്ന ഇന്ത്യക്കാരുടെ എണ്ണം 183 ദശലക്ഷമായി ഉയർന്നു

**കൊച്ചി:** രാജ്യത്ത് ആദ്യമായി സിബിൽ സ്കോർ നിരീക്ഷിക്കുന്ന ഉപഭോക്താക്കളുടെ എണ്ണത്തിൽ 27 ശതമാനം വാർഷിക വർധനയുണ്ടായതായി 2025 ഡിസംബറിലെ കണക്കുകൾ സൂചിപ്പിക്കുന്നു. 2025 ഡിസംബറിലെ കണക്കുകൾ പ്രകാരം സിബിൽ സ്കോർ സ്വയം നിരീക്ഷിക്കുന്ന ഇന്ത്യക്കാരുടെ എണ്ണം 183 ദശലക്ഷമാണ്. സിബിൽ സ്കോർ നിരീക്ഷിക്കുന്നവരുടെ ശരാശരി സ്കോർ 728 ആണെന്നും നിരീക്ഷിക്കാൻ തുടങ്ങി ആറു മാസത്തിനകം 45 ശതമാനം പേരുടേയും സ്കോർ വർധിക്കുന്നതായും കണക്കുകൾ ചൂണ്ടിക്കാട്ടുന്നു.

വായ്പകളെ കുറിച്ചുള്ള അവബോധം സാമ്പത്തിക സ്വഭാവങ്ങളുടെ അടിസ്ഥാനമായി മാറുന്നതും ഇതിലൂടെ ദൃശ്യമാണ്. പേഴ്സണൽ ലോണുകളോ ക്രെഡിറ്റ് കാർഡുകളോ ആവശ്യമായി വരുമ്പോൾ മാത്രം ഉപഭോക്താക്കൾ ക്രെഡിറ്റ് കാർഡുകളെ കുറിച്ചു ചിന്തിക്കുന്ന രീതിയായിരുന്നു മുൻപ് ഉണ്ടായിരുന്നതെന്ന് ട്രാൻസ് യൂണിയൻ സിബിൽ മാനേജിങ് ഡയറക്ടറും സിഇഒയുമായ ഭവേഷ് ജെയിൻ പറഞ്ഞു.

ഇന്ന് ഇതു നിരീക്ഷിക്കുന്നത് കേവലം ഒരു ഇടപാടുമായി ബന്ധപ്പെട്ടല്ലെന്നും സാമ്പത്തിക അച്ചടക്കത്തിന്റെ ഭാഗമായി മാറിയിരിക്കുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ശക്തവും സുസ്ഥിരവുമായ വായ്പാ പ്രൊഫൈൽ വളർത്തിയെടുക്കാനും ഉപഭോക്താക്കൾക്ക് ഇന്നു താൽപര്യമുണ്ട്. സിബിൽ സ്കോർ എന്നത് കേവലം ഒരു അക്കം എന്നതിൽ നിന്ന് ഉപരിയായി സാമ്പത്തിക ആരോഗ്യം സംബന്ധിച്ച സൂചനയായി മാറിയെന്നും ഉപഭോക്താക്കൾ ഇതു പരിശോധിക്കുകയും മെച്ചപ്പെടുത്തലുകൾ വരുത്തുകയും ചെയ്യുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

# എം.എസ്. ധോണിയെ ബ്രാൻഡ് അംബാസഡറായി പ്രഖ്യാപിച്ച് ഭീം പേയ്മെന്റ്സ് ആപ്പ്




**കൊച്ചി:** എൻപിസിഐ ഭീം സർവീസസ് ലിമിറ്റഡ് (എൻബിഎസ്എൽ) ക്രിക്കറ്റ് ഇതിഹാസം മഹേന്ദ്ര സിംഗ് ധോണിയെ ഭീം പേയ്മെന്റ്സ് ആപ്പായ ഭാരത് കാ അപ്ന പേയ്മെന്റ് ആപ്പിന്റെ ബ്രാൻഡ് അംബാസഡറായി പ്രഖ്യാപിച്ചു. തലമുറകൾക്കും ഭൂപ്രകൃതികൾക്കും അതീതമായ മൂല്യങ്ങളെ പ്രതിഫലിപ്പിക്കുന്ന വിശ്വാസം, സ്ഥിരത, വിശ്വാസ്യത എന്നിവയുടെ പര്യായങ്ങളായ രണ്ട് പേരുകളെ ഈ പങ്കാളിത്തം ഒരുമിച്ച് കൊണ്ടുവരുന്നു എന്ന പ്രത്യേകതയുമുണ്ട്.

ഇന്ത്യയുടെ ഡിജിറ്റൽ പേയ്മെന്റ് യാത്ര പ്രാപ്തമാക്കുന്നതിന്റെ ഒരു ദശകത്തിലേക്ക് ഭീം അടുക്കുമ്പോൾ, സ്കെയിൽ, ഉൾപ്പെടുത്തൽ, ദീർഘകാല ഉപയോക്തൃ ആത്മവിശ്വാസം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചുള്ള വളർച്ചയുടെ അടുത്ത ഘട്ടത്തിലെ ഒരു തന്ത്രപരമായ ചുവടുവയ്പ്പ് കൂടിയാണിത്.

എൻപിസിഐയുടെ ശക്തമായ അടിസ്ഥാന സൗകര്യങ്ങളിൽ അധിഷ്ഠിതമായ ഭീം പേയ്മെന്റ്സ് സുരക്ഷിത ഡിജിറ്റൽ പേയ്മെൻറുകൾ നൽകുന്നുണ്ട്. ഭാരത് കാ അപ്ന പേയ്മെൻറ്സ് ആപ്പ് എന്ന പുനർനാമകരണത്തിന് ശേഷം, പ്രവേശനക്ഷമത, ഭാഷ ഉൾപ്പെടുത്തൽ, ഉപയോഗ സൗകര്യം എന്നിവയിൽ ശക്തമായ ഊന്നൽ നൽകിക്കൊണ്ട്, 1, 2, 3 നിര നഗരങ്ങളിൽ ഭീം അതിന്റെ സാന്നിധ്യം വിപുലീകരിച്ചിട്ടുണ്ട്.

പതിനഞ്ചിലധികം പ്രാദേശിക ഭാഷകളെ പിന്തുണയ്ക്കുന്ന രീതിയിലാണ് ആപ്പിന്റെ ഫീച്ചർ സെറ്റ് നിർമ്മിച്ചിരിക്കുന്നത്. കുറഞ്ഞ കണക്റ്റിവിറ്റിയിലും ഉപയോഗസാധ്യമാക്കാൻ ഇത് ഒപ്റ്റിമൈസ് ചെയ്തിരിക്കുന്നത്.

# പോളാർ ബിയർ ഐസ്ക്രീം സൺഡേയ്സ് കേരളത്തിലേക്ക്

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ ഐസ്ക്രീം സൺഡേ ശൃംഖലയായ പോളാർ ബിയർ ഐസ്ക്രീം സൺഡേയ്സ് കേരളത്തിലെ തങ്ങളുടെ ആദ്യ വിപണന കേന്ദ്രം കോഴിക്കോട് ബീച്ച് റോഡിൽ ആരംഭിച്ചു. ബീച്ച് റോഡിൽ സജ്ജീകരിച്ചിരിക്കുന്ന ഈ ഔട്ട്ലെറ്റിലൂടെ, സൺഡേകൾക്ക് മുൻഗണന നൽകുന്ന ബ്രാൻഡിന്റെ വേറിട്ട മധുരാനുഭവം ആദ്യമായി കേരളത്തിലെ ഉപഭോക്താക്കളിലേക്ക് എത്തുകയാണെന്ന് പോളാർ ബിയർ സ്ഥാപകനും ഡയറക്ടറുമായ കിഷോർ കുമാർ റായ് പറഞ്ഞു. കേരളത്തിലെ ഈ പുതിയ ഔട്ട്ലെറ്റ് കൂടി നിലവിൽ വന്നതോടെ കർണാടക, തമിഴ്നാട്, ആന്ധ്രാപ്രദേശ്, തെലങ്കാന, മഹാരാഷ്ട്ര, കേരളം എന്നീ ആറ് സംസ്ഥാനങ്ങളിലായി 30-ലധികം നഗരങ്ങളിലും പട്ടണങ്ങളിലുമായി പോളാർ ബിയറിന് ഇപ്പോൾ 185-ലധികം വിപണന കേന്ദ്രങ്ങളുണ്ട്. കോഴിക്കോട് കടപ്പുറത്തിന്റെ മനോഹാരിത ആസ്വദിക്കാവുന്ന വിധത്തിൽ രണ്ട് നിലകളിലായാണ് പുതിയ സ്റ്റോർ ഒരുക്കിയിരിക്കുന്നത്. പോളാർ ബിയറിന്റെ സവിശേഷ വിഭവങ്ങളായ ഡെത്ത് ബൈ ചോക്ലേറ്റ് (ഡിബിസി) കൂടാതെ ചോക്കോസില്ല, ഫ്രൂട്ട് സെസ്റ്റ്, ട്രെസ് ലെച്ചസ് തുടങ്ങിയ ജനപ്രിയ സൺഡേകളും ഇവിടെ ലഭ്യമാണ്. മികച്ച ഗുണനിലവാരമുള്ള ചേരുവകൾ, മനോഹരമായ അകത്തളം, ഉപഭോക്തൃ സംതൃപ്തി എന്നിവയ്ക്ക് മുൻതൂക്കം നൽകുന്ന ബ്രാൻഡ്, കേരളത്തിലുടനീളം 50 സ്റ്റോറുകൾ ആരംഭിക്കാനാണ് ലക്ഷ്യമിടുന്നതെന്നും കിഷോർ കുമാർ റായ് ഇപ്രകാരം പറഞ്ഞു. കേരള വിപണിയിൽ വലിയ സാധ്യതകളാണ് ഞങ്ങൾ കാണുന്നത്. ഇതിന്റെ ഭാഗമായി അടുത്ത മൂന്ന് വർഷത്തിനുള്ളിൽ കേരളത്തിൽ 25 സ്റ്റോറുകൾ തുറക്കാൻ പദ്ധതിയിടുന്നതായി സെയിൽസ് ആൻഡ് ഓപ്പറേഷൻസ് സീനിയർ വൈസ് പ്രസിഡന്റ് പ്രശാന്ത് പ്രകാശ് കൂട്ടിച്ചേർത്തു.




# സുരക്ഷാ ക്യാമ്പയിൻ സംഘടിപ്പിച്ച് അസറ്റ് ഹോംസ്

**കൊച്ചി:** 55-ാമത് ദേശീയ സുരക്ഷാ വാരാഘോഷത്തിന്റെ ഭാഗമായി അസറ്റ് ഹോംസ് സുരക്ഷാ കാമ്പയ്ൻ സംഘടിപ്പിച്ചു. അപകടകരഹിതമായ പ്രവർത്തനം ഉറപ്പുവരുത്തുന്നത് ലക്ഷ്യമിട്ടുള്ള വൺ ടീം വൺ മിഷൻ സീറോ ഹാം ക്യാമ്പയിന്റെ ലോഗോ ഫാക്ടറീസ് ആൻഡ് ബോയ്ലേഴ്സ് വകുപ്പ് ഡയറക്ടർ പ്രമോദ് പുഷ്കരൻ പ്രകാശനം ചെയ്തു. അസറ്റ് ഹോംസിന്റെ നിർമാണം പുരോഗമിക്കുന്ന 33ലേറെ വരുന്ന പ്രോജക്ട് സൈറ്റുകളിലെ സുരക്ഷാവാര പരിപാടികൾ അസറ്റ് ഹോംസ് മാനേജിംഗ് ഡയറക്ടർ സുനിൽ കുമാർ വി. ഉദ്ഘാടനം ചെയ്തു. വാരാചരണത്തിന്റെ ഭാഗമായി കമ്പനിയുടെ വിവിധ ജില്ലകളിലുള്ള സൈറ്റുകളിലും ഓഫീസുകളിലും സുരക്ഷാപരിപാലന ഡെമോൺസ്ട്രേഷനുകളും സംഘടിപ്പിച്ചു. നാഷണൽ സേഫ്റ്റി കൗൺസിൽ കേരള ചാപ്റ്റർ സെക്രട്ടറി എ എൽ ജാക്സൺ പരിശീലനം നൽകി. അസറ്റ് ഹോംസ് സിഇഒ ടോണി ജോൺ സിടിഒ മഹേഷ് എൽ, ചീഫ് എൻജിനീയർ ഗ്ലിസൺ ജോർജ്, എജിഎം എച്ച്എസ്ഇ ജിബിൻ കുമാർ വി എസ്, സിടിഒ മഹേഷ് എൽ, എക്സി. ജിഎം പ്രൊജക്റ്റ്സ് സജിത് പിഎൻ തുടങ്ങിയവർ പങ്കെടുത്തു.




ദേശീയ സുരക്ഷാ കൗൺസിൽ ഏർപ്പെടുത്തിയ സുരക്ഷാ അവാർഡുകളിൽ സിവിൽ കൺസ്ട്രക്ഷൻ മേഖലയിലെ ഏറ്റവും ഉയർന്ന അവാർഡായ ശ്രേഷ്ഠ സാമൂഹ്യ സുരക്ഷാ അവാർഡ് അസറ്റ് ദി ലീഫ് പ്രോജക്റ്റിനും നിർമ്മാണം പൂർത്തീകരിച്ച അപ്പാർട്ട്മെന്റ് പ്രോജക്ട് ഭാഗത്തിൽ ശ്രേഷ്ഠ സുരക്ഷാ അവാർഡ് അസറ്റ് മൂൺ ഗ്രേസിനും സുരക്ഷാ അവാർഡ് അസറ്റ് പ്ലാറ്റിന പ്രോജക്ടിനും ലഭിച്ചു. അസ്റ്റ് ഹോംസ് ചീഫ് എൻജിനീയർ ക്യുഇഎസ്ടി ഗ്ലിസൺ ജോർജും എജിഎം എച്ച്എസ്ഇ ജിബിൻ കുമാറും അവാർഡുകൾ ഏറ്റുവാങ്ങി.

# കേരളത്തിൽ ഊബറിന് അഗ്രിഗേറ്റർ ലൈസൻസ്

**കൊച്ചി :** ഊബറിനു കേരള സർക്കാരിന്റെ അഗ്രിഗേറ്റർ ലൈസൻസ് അനുവദിച്ചു കിട്ടിയതായി ഊബർ ഇന്ത്യ ആൻഡ് സൗത്ത് ഏഷ്യ, ഹെഡ് ഓഫ് സിറ്റീസ്, അമിത് ദേശ്പാണ്ഡെ പറഞ്ഞു.

ഇതോടെ സംസ്ഥാനത്ത് കമ്പനിക്ക് പ്രവർത്തനം വ്യാപിപ്പിക്കാൻ സാധിക്കും. കുറഞ്ഞ ചെലവിൽ സുരക്ഷിതവും വിശ്വാസ്യതയുള്ളതുമായ യാത്രാ സേവനങ്ങൾ നൽകുന്നതിനൊപ്പം ഡ്രൈവർമാർക്ക് ഇഷ്ടാനുസൃത വരുമാനാവസരങ്ങളും സൃഷ്ടിക്കും. 2013 മുതൽ ഇന്ത്യയിൽ പ്രവർത്തിക്കുന്ന ഊബർ, ഓട്ടോ, ബൈക്ക്, കാർ തുടങ്ങിയ മൾട്ടി-മോഡൽ സേവനങ്ങൾ 125-ലധികം നഗരങ്ങളിൽ നൽകുന്നുവെന്നും അമിത് ദേശ്പാണ്ഡെ പറഞ്ഞു.

# ചരക്കുഗതാഗതത്തിൽ ഓൺലൈൻ സേവനവുമായി മലയാളി സംരംഭകൻ

**കൊച്ചി:** ഇന്ത്യയിലെ ചരക്കുഗതാഗതത്തിൽ ഓൺലൈൻ സേവനവുമായി മലയാളി സംരംഭകൻ. രാജ്യത്തെ ട്രെക്ക് ഓപ്പറേറ്റർസുമായി സഹകരിച്ചുള്ള സിബി ലോജിസ്റ്റിക്സ് ഓൺലൈൻ S9 കസ്റ്റമർ ആപ്പിന്റെ ദേശീയ പ്രവർത്തനോദ്ഘാടനം കൊച്ചിയിൽ നടന്നു. മൂന്നുവർഷം കൊണ്ട് 10,000 ട്രക്കുകളെ ഈ പ്ലാറ്റ്ഫോമിന്റെ ഭാഗമാക്കാൻ സാധിച്ചുവെന്ന് മാനേജിങ് ഡയറക്ടർ സിബി. എം. ലൂക്കോസ് അറിയിച്ചു. ഇന്ത്യയിലെ ചരക്കുഗതാഗതത്തിന്റെ ഡിജിറ്റൽ നട്ടെല്ല് ആകുവാനാണ് ലക്ഷ്യമിടുന്നതെന്നും അദ്ദേഹം കൂട്ടി ചേർത്തു. ഉപഭോക്താക്കൾ, ട്രക്ക് ഉടമകൾ, ഡ്രൈവർമാർ എന്നിവരെ ഒരേ ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ എത്തിച്ച് ചരക്കുഗതാഗത സൗകര്യം ഏറ്റവും വേഗത്തിലും സുതാര്യവുമാകുന്നതാണ് S9 ഡിജിറ്റൽ ആപ്.




കൃത്യസമയത്ത് ഡെലിവറി, ട്രാക്കിംഗ്, ലളിതമായ പേയ്മെന്റ് സൗകര്യം എന്നിവ ആപിനുണ്ട്. മികച്ച ഉപഭോക്ത സേവനത്തിനായി വിശ്വസ്തരായ ചരക്കുലോറി ശൃംഖല തയ്യാറാക്കിയിട്ടുണ്ട് സിബി ലോജിസ്റ്റിക്സ്. റിയൽ ടൈം ബുക്കിംഗ്. അഡ്വാൻസ്ഡ് ട്രാക്കിംഗ് സംവിധാനം എന്നിവയെല്ലാം ഉപയോക്താക്കൾക്കും ഡ്രൈവർമാർക്കും ഒരു പോലെ ഗുണകരമാണ്. നിർമ്മിത ബുദ്ധിയിലൂടെ അത്യാധുനിക സാങ്കേതികവിദ്യയിൽ വികസിച്ച S9 ലോജിസ്റ്റിക് ആപ് പ്ലേസ്റ്റോർ ആന്റ് ആപ് സ്റ്റോർ എന്നിവയിൽ ലഭ്യമാണ്. കേരളത്തിൽ നിന്നും പ്രവർത്തനം തുടങ്ങുന്ന സിബി ലോജിസ്റ്റിക് S9 കസ്റ്റമർ ആപ് ഉടൻ തന്നെ രാജ്യത്തുടനീളം വ്യാപിപ്പിക്കും. ഇപ്പോൾ 10 സംസ്ഥാനങ്ങളിൽ ഓഫീസ് പ്രവർത്തനമുണ്ട്.

വലിയൊരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലേക്ക് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ചരക്കുകൾ എത്തുന്നു. തിരികെ പോകുന്ന ഈ ട്രക്കുകൾ S9 ആപ് വഴി മത്സരാധിഷ്ഠിത നിരക്കിൽ ഉപഭോക്താക്കൾക്ക് ലഭിക്കാൻ പറ്റുന്ന സേവനമാണ് ഒരുക്കുന്നത്. പ്രധാനമായും ബിടുബി രംഗത്താണ് സിബി ലോജിസ്റ്റിക്സ് പ്രവർത്തനം. 20 ലേറെ പ്രമുഖ കമ്പനികളുമായി ലോജിസ്റ്റിക്സ് പങ്കാളിത്തവും ഇവർക്കുണ്ട്. ചരക്കുനീക്കമെന്ന ബിസിനസ് കൂടുതൽ ഉപഭോതാവിനു ഗുണകരമാക്കണം എന്ന ചിന്തയാണ് ഈ ഡിജിറ്റൽ ആപ് എന്ന് സിബി കൂട്ടിച്ചേർത്തു.

## സർവീസിംഗിനിടെ ഡാറ്റ സുരക്ഷ ഉറപ്പാക്കി സാംസങ്; 'മെന്റനൻസ് മോഡ്' ഫീച്ചർ ഉൾപ്പെടുത്തി

**കൊച്ചി:** ഗാലക്സി സ്മാർട്ട്ഫോണുകൾ സർവീസിംഗിന് നൽകുമ്പോൾ ഉപയോക്താക്കളുടെ സ്വകാര്യ വിവരങ്ങൾ സുരക്ഷിതമായി നിലനിർത്താൻ സഹായിക്കുന്ന മെയിന്റനൻസ് മോഡ് ഫീച്ചർ പുറത്തിറത്തി സാംസങ് ഇന്ത്യ. ഉപഭോക്തൃ ഡാറ്റ സംരക്ഷണം മുൻനിർത്തിയുള്ള ഈ സംവിധാനത്തിലൂടെ ഫോൺ നന്നാക്കാൻ കൈമാറുമ്പോഴും വ്യക്തിഗത വിവരങ്ങൾ പൂർണമായും ലോക്ക് ചെയ്ത നിലയിൽ തുടരുമെന്ന് കമ്പനി വ്യക്തമാക്കി. സ്മാർട്ട്ഫോണുകൾ ഇന്ന് സാമ്പത്തികവും വ്യക്തിപരവുമായ നിർണായക വിവരങ്ങളുടെ കേന്ദ്രമായി മാറിയ സാഹചര്യത്തിൽ ഉപയോക്താക്കൾക്ക് കൂടുതൽ നിയന്ത്രണവും സുതാര്യതയും നൽകുന്നതാണ് ഈ സംവിധാനത്തിന്റെ ലക്ഷ്യമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. മെയിന്റനൻ മോഡ് ഫീച്ചർ സജീവമാക്കിയാൽ ഫോണിൽ പ്രത്യേകമായ ഒരു സുരക്ഷിത ഓപ്പറേറ്റിങ് പരിസരം സൃഷ്ടിക്കപ്പെടും. ടെക്നീഷ്യൻമാർക്ക് പരിശോധനയും ഡയഗ്നോസ്റ്റിക്സും നടത്താൻ സാധിക്കുമെങ്കിലും ഉപയോക്താവിന്റെ ഫോട്ടോകൾ, സന്ദേശങ്ങൾ, കോൺടാക്ടുകൾ, ആപ്പുകൾ തുടങ്ങിയ സ്വകാര്യ ഡാറ്റ ലഭ്യമാകില്ല. ഉപയോക്താവ് സ്വന്തം ഓതന്റിക്കേഷൻ ഉപയോഗിച്ച് മോഡ് ഓഫ് ചെയ്താൽ മുൻപത്തെ ഡാറ്റയും സെറ്റിംഗ്സും മാറ്റമില്ലാതെ തിരിച്ചെത്തും. ഇതിലൂടെ വ്യക്തിഗത ഫയലുകളും ആപ്പുകളും പൂർണമായും മറഞ്ഞ നിലയിലാകും, ഡാറ്റ ആക്സസ് ചെയ്യാതെ ടെക്നീഷ്യൻ പരിശോധന നടത്താം, മോഡ് അവസാനിപ്പിക്കുമ്പോൾ പഴയ നിലയിൽ ഫോൺ തിരിച്ചെത്തും എന്നതാണ് പ്രത്യേകത. മെയിന്റനൻസ് മോഡ് പ്രവർത്തനത്തിൽ ഉള്ളപ്പോൾ മുൻകൂർ ഇൻസ്റ്റാൾ ചെയ്ത ആപ്പുകൾ മാത്രമേ ലഭ്യമാകൂ; ആ സമയത്ത് സൃഷ്ടിക്കുന്ന ഡാറ്റ പിന്നീട് സ്വയം ഇല്ലാതാകും. രാജ്യത്തെ സർവീസ് സെന്ററുകളിൽ ഉപഭോക്താക്കൾക്ക് ഫീച്ചർ ഉപയോഗിക്കുന്ന വിധം പഠിപ്പിക്കുന്നതിനായി ഇൻസ്റ്റോർ ഗൈഡുകളും വിദഗ്ധ സഹായവും സാംസങ് ഒരുക്കിയിട്ടുണ്ട്. മോഡ് ആക്ടീവ് ചെയ്യാൻ സെറ്റിങ്സിലെ ബാറ്ററി ആൻഡ് ഡിവൈസ് കെയർ എന്ന ഓപ്ഷനിൽ മെയിന്റനൻസ് മോഡ് ടാപ്പ് ചെയ്യുക. തുടർന്ന് ഫോൺ റീ സ്റ്റാർട്ട് ചെയ്യുന്നതോടെ മോഡ് ആക്ടീവ് ആകുമെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

## സിഇപിടി യൂണിവേഴ്സിറ്റി: എം.ആർക്ക് പ്രോഗ്രാമുകൾക്ക് അപേക്ഷ ക്ഷണിച്ചു

**അഹമ്മദാബാദ്:** ആർക്കിടെക്ചർ സർവകലാശാലയായ സിഇപിടി യൂണിവേഴ്സിറ്റി വിവിധ എം.ആർക്ക് പ്രോഗ്രാമുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. യൂണിവേഴ്സിറ്റിയിലെ ഫാക്കൽറ്റി ഓഫ് ആർക്കിടെക്ചർ കൺസർവേഷൻ ആൻഡ് റീജനറേഷൻ (എസിആർ), ലാൻഡ്സ്കേപ്പ് ആർക്കിടെക്ചർ (എംഎൽഎ) എന്നീ പോസ്റ്റ്ഗ്രാജുവേറ്റ് കോഴ്സുകൾക്കാണ് പ്രവേശനം.

ഡിസൈൻ, പരിസ്ഥിതി, സാമൂഹിക ഘടകങ്ങൾ എന്നിവയെ ഏകോപിപ്പിക്കുന്ന സിലബസോടുകൂടിയ കോഴ്സുകൾക്ക് മാർച്ച് 31 വരെ അപേക്ഷിക്കാം.പൈതൃക സംരക്ഷണവും പരിസ്ഥിതി ആസൂത്രണവും മേഖലകളിൽ നിക്ഷേപങ്ങൾ വർധിക്കുന്ന സാഹചര്യത്തിൽ ഇത്തരം കോഴ്സുകൾക്കും പ്രൊഫഷണലുകൾക്കും ആവശ്യകത ഉയരുന്നുവെന്ന് സർവകലാശാല അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക്: +917968310000, admissions@cept.ac.in എന്ന ഇ-മെയിൽ വഴിയോ ബന്ധപ്പെടാം.

## കാലാവസ്ഥാ ധനസഹായത്തിനായുള്ള പ്രവർത്തനരേഖ രൂപീകരണം: ശിൽപ്പശാല സംഘടിപ്പിച്ചു

**കൊച്ചി:** ഐസിഎആർ-കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനത്തിൽ 'മത്സ്യ മേഖലയിൽ കാലാവസ്ഥാ ധനസഹായത്തിനായുള്ള പ്രവർത്തന രേഖ രൂപീകരണം" എന്ന വിഷയത്തിൽ ദേശീയ ശിൽപ്പശാല സംഘടിപ്പിച്ചു. മത്സ്യതൊഴിലാളികളും വിദഗ്ധരും നയരൂപീകരണ പ്രവർത്തകരും ധനകാര്യ സ്ഥാപനങ്ങളും എൻജിഒകളും പങ്കെടുത്ത ശിൽപ്പശാലയിൽ മത്സ്യ മേഖലയെ ബാധിക്കുന്ന കാലാവസ്ഥാ വെല്ലുവിളികളും അവയ്ക്കുള്ള ധനസഹായ സംവിധാനങ്ങളും സംബന്ധിച്ച് വിശദമായ ചർച്ചകൾ നടന്നു. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിലെ ജി.എസ് പ്രദീപ് കേരളത്തിന്റെ തീരപ്രദേശങ്ങളിലെ പരിസ്ഥിതിയിലും മത്സ്യതൊഴിലാളി സമൂഹത്തിലും കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതങ്ങളെക്കുറിച്ച് വിശദീകരിച്ചു.



നാഷണൽ ബാങ്ക് ഫോർ അഗ്രികൾച്ചർ ആൻഡ് റൂറൽ ഡെവലപ്മെന്റിലെ ഉപജനറൽ മാനേജർ തപൻ കുമാർ സാഹു, ഡോ. എ. ബിജുകുമാർ, നീത കെ. ഗോപാൽ, ഡോ. ജോർജ് നൈനാൻ, ഡോ. ഷൈൻ കുമാർ സി. എസ്, ഡോ. നികിത ഗോപാൽ തുടങ്ങിയവർ മത്സ്യ വികസനത്തിൽ കാലാവസ്ഥാ പ്രതിരോധ ശേഷി ഉൾക്കൊള്ളേണ്ടതിന്റെ ആവശ്യകതയും തീരദേശ ജീവിതോപാധികളെ സംരക്ഷിക്കുന്നതിന് നവീന ധനസഹായങ്ങളുടെ പങ്കും ചൂണ്ടിക്കാട്ടി. ഇന്ററാക്ടീവ് ഗ്രൂപ്പ് പ്രവർത്തനത്തിൽ 'ഇംപാക്റ്റ് മാപ്പിംഗ് അടിസ്ഥാനമാക്കി വിവിധ മത്സ്യ മേഖലകളിലെ പ്രധാന കാലാവസ്ഥാ വെല്ലുവിളികളെ തിരിച്ചറിയുകയും നിലവിലുള്ള പ്രതിരോധ മാർഗങ്ങൾ വിലയിരുത്തുകയും ചെയ്തു. കൂടാതെ ഫിനാൻസ് ആക്ഷൻ ലാബ് സംഘടിപ്പിക്കുകവഴി പരിഹാരങ്ങളെ വർഗ്ഗീകരിക്കുകയും അവയെ അനുയോജ്യമായ ധനകാര്യ ഉപകരണങ്ങളുമായും ധനസഹായ അവസരങ്ങളുമായും ബന്ധിപ്പിക്കുന്നതിന് സാധ്യതാപരമായ പരിഹാരങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു. വിവിധ മേഖലകളിൽ നിന്നുള്ള സജീവ പങ്കാളിത്തത്തോടെയും നിർണായകമായ നിർദേശങ്ങളോടെയും ശിൽപ്പശാല സമാപിച്ചു.

# കീഴടങ്ങാത്ത മനസും ചിറകടിക്കുന്ന സ്വാതന്ത്ര്യവും; ശ്രദ്ധയാകർഷിച്ച് നിത്യയുടെ കലാസൃഷ്ടി



**കൊച്ചി:** സാധാരണത്വത്തിലെ അസാധാരണത്വം ദൗർബല്യങ്ങളിലെ കരുത്ത് തുടങ്ങിയ വൈരുദ്ധ്യങ്ങളെ അടയാളപ്പെടുത്തിക്കൊണ്ടാണ് എ എസ് നിത്യ എന്ന വിദ്യാർത്ഥി 'ഇടം' പ്രദർശനത്തിൽ ശ്രദ്ധേയയാകുന്നത്. കൊച്ചി മുസിരിസ് ബിനാലെയ്ക്ക് സമാന്തരമായി മട്ടാഞ്ചേരി ഗാർഡൻ കൺവെൻഷൻ സെന്ററിൽ നടക്കുന്ന ഇടം പ്രദർശനത്തിലാണ് നിത്യയുടെ കൃതികൾ സന്ദർശകരെ ആകർഷിക്കുന്നത്. കേരളത്തിൽ നിന്നുള്ള കലാകാരന്മാർക്ക് ബിനാലെയുടെ അന്താരാഷ്ട്ര വേദി ഉപയോഗപ്പെടുത്തുന്നതിനു വേണ്ടിയാണ് ഇടം പ്രദർശനം സംഘടിപ്പിച്ചിട്ടുള്ളത്. അക്രിലിക്, ജലച്ചായം, കരി എന്നിവ ഉപയോഗിച്ച് തയ്യാറാക്കിയ ചിത്രങ്ങൾ നിത്യയുടെ വ്യക്തിപരമായ യാത്രകളെയും ചിന്തോദ്ദീപകമായ കഥകളെയും ആവിഷ്കരിക്കുന്നു.

ബ്യൂട്ടി പാർലറിലെ ഹെയർ വാഷിംഗ് സെഷൻ ചിത്രീകരിച്ചിരിക്കുന്ന പെയിന്റിംഗാണ് ആദ്യം കാഴ്ചയിലുടക്കുന്നത്. വാഷ് ബേസിന്റെ ആകൃതി, വെള്ളം, കഴുത്തിന്റെ ആയാസം, ചുരുമുടിത്തലയിഴകൾ എന്നിങ്ങനെ ഓരോ സൂക്ഷ്മശൈലികളും നിത്യ തന്റെ ക്യാൻവാസിൽ പകർത്തിയിട്ടുണ്ട്. ഒരു കുമിള ഇതിലൂടെ ഒഴുകി നടക്കുന്നത് നശ്വരമായ നൈമിഷികതയെ ഓർമ്മിപ്പിക്കുന്നു. മുടി എന്നത് നിത്യയുടെ സൃഷ്ടികളിലെ ഒരു പ്രധാന പ്രമേയമാണ്. കൗമാരകാലം മുതൽ മുടിയുടെ സാംസ്കാരികവും പരമ്പരാഗതവുമായ വശങ്ങളിൽ താൻ ആകൃഷ്ടയായിരുന്നുവെന്നും നിത്യ പറഞ്ഞു. ഒരിക്കൽ മുടി മുറിച്ചപ്പോൾ വീട്ടിൽ നിന്നുണ്ടായ എതിർപ്പുകൾ നിയന്ത്രണത്തിന്റെയും കീഴടങ്ങലിന്റെയും ഓർമ്മപ്പെടുത്തലുകളായി തനിക്ക് തോന്നിയെന്നും തിരുവനന്തപുരം ഫൈൻ ആർട്സ് കോളേജിലെ പഠനകാലത്ത് അഞ്ച് പെയിന്റിംഗുകൾ തയ്യാറാക്കിയ നിത്യ ഓർക്കുന്നു. നിലവിൽ ബറോഡ എം.എസ്. സർവകലാശാലയിൽ മാസ്റ്റർ ഓഫ് വിഷ്വൽ ആർട്സ് ചെയ്യുകയാണ് നിത്യ.

ഒരു ബാത്ത്റൂമിലെ ഹെയർ വാഷിംഗ് രംഗമാണ് മറ്റൊരു ചിത്രത്തിൽ ആവിഷ്കരിച്ചിരിക്കുന്നത്. ഹോസ്റ്റൽ ജീവിതത്തിനിടയിൽ പെൺകുട്ടികൾ പരസ്പരം സഹായിക്കുന്നതും സ്നേഹവും കരുതലും പങ്കുവെക്കുന്നതുമായ നിമിഷങ്ങളാണ് ഈ ചിത്രത്തിന് ആധാരമെന്ന് നിത്യ പറഞ്ഞു. 'എന്റെ സുഹൃത്ത് എന്റെ തലമുടി കഴുകുന്ന ചിത്രമാണിത്. ബി.എഫ്.എ പഠനകാലത്ത് ഹോസ്റ്റലിൽ താമസിക്കുമ്പോൾ, പെൺകുട്ടികൾ യാതൊരു സങ്കോചവുമില്ലാതെ പരസ്പരം സഹായിക്കുന്നതും കണ്ടിട്ടുണ്ട്. ഭ്രൂണാവസ്ഥയ്ക്ക് സമാനമായ രീതിയിൽ ഇരിക്കുന്ന രൂപം, സോഫയിലെ ഇരിപ്പ്, ഒരു തുമ്പിക്കൈ എന്നിങ്ങനെ വിചിത്രവും സറിയലിസ്റ്റികുമായ അനുഭവത്തിലൂടെയാണ് കാഴ്ചക്കാരനെ കൊണ്ടുപോകുന്നത്. നമ്മൾ ശീലിച്ചുപോന്ന സാഹചര്യങ്ങളിൽ നിന്നുള്ള മോചനത്തെയും കീഴടങ്ങാത്ത മനസ്സിനെയുമാണ് ഇത് സൂചിപ്പിക്കുന്നത്. നിത്യയുടെ ചാർക്കോൾ ചിത്രങ്ങളിൽ അടുക്കളയും അവിടെയുള്ള കോഴിയും കുഞ്ഞുങ്ങളും സ്ത്രീകളുടെ ഏകാന്തതയും വെല്ലുവിളികളും എല്ലാം കടന്നുവരുന്നു.

# ഔറ സ്മാർട്ട് റിങ്ങ്
## ഇന്ത്യയിൽ ലോഞ്ച് ചെയ്തു



**കൊച്ചി:** പ്രമുഖ സ്മാർട്ട് റിങ്ങ് നിർമാതാക്കളായ ഔറയുടെ ഉൽപ്പന്നങ്ങൾ ഇന്ത്യയിൽ ഔദ്യോഗികമായി പുറത്തിറങ്ങി. ക്രോമ, ആമസോൺ എന്നിവ വഴി ആദ്യ ഘട്ടത്തിൽ ഔറ റിങ്ങ് 4 ഇന്ത്യയിൽ ഉപഭോക്താക്കൾക്ക് ലഭ്യമാകും. ഇന്ത്യയിലെ ലോഞ്ചിനോടനുബന്ധിച്ച് ഔറ ഉപഭോക്താക്കൾക്കിടയിലെ ഉറക്കത്തിനെ സംബന്ധിച്ച എക്സ്ക്ലൂസീവ് റിപ്പോർട്ടും ഔറ പുറത്തുവിട്ടു. ഇന്ത്യക്കാരുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനായി ഔറയ്ക്ക് മഹത്തായ കാര്യം ചെയ്യാൻ കഴിയുമെന്ന് മനസ്സിലാക്കാൻ വേണ്ടിയാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയതെന്ന് ഔറ ചീഫ് മാർക്കറ്റിങ്ങ് ഓഫീസർ ഡഗ് സ്വീനി പറഞ്ഞു. ഔറ റിങ്ങ് റിപ്പോർട്ട് വഴി ജീവിതത്തിൽ വരുത്തേണ്ട മാറ്റങ്ങൾ മനസ്സിലാക്കാൻ സാധിക്കുമെന്നും ഇന്ത്യക്കാരുടെ ജീവിതത്തെ ഔറ റിങ്ങ് മാറ്റിയെടുക്കുന്നത് കാണാൻ ആവേശത്തോടെ കാത്തിരിക്കുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.ആഗോള ഡേറ്റ ബേസ് വിലയിരുത്തിയതിലൂടെ ഏറ്റവും കുറവ് ഉറക്കമുള്ള രാജ്യങ്ങളിൽ ഇന്ത്യയും ഉൾപ്പെട്ടിട്ടുണ്ടെന്ന് റിപ്പോർട്ട് പറയുന്നു. ഇന്ത്യയിലെ ഔറ ഉപഭോക്താക്കൾ രാത്രിയിൽ ശരാശരി ആറ് മണിക്കൂറും 28 മിനിറ്റുമാണ് ഉറങ്ങുന്നത്. ഇത് ഏറ്റവും കൂടുതൽ ഉറങ്ങുന്ന രാജ്യങ്ങളെക്കാൾ ഏകദേശം 40 മിനിറ്റ് കുറവാണ്. ദൈനംദിന ജീവിതത്തിന് വേണ്ടി രൂപകൽപ്പന ചെയ്തിരിക്കുന്ന സ്മാർട്ട് റിങ്ങാണ് ഔറ റിങ്ങ് 4. അൻപതിലധികം ആരോഗ്യം മെച്ചപ്പെടുത്താനുള്ള കാര്യങ്ങൾ ട്രാക്ക് ചെയ്യുകയും അവയെ ഔറ ആപ്പ് (ഐ.ഒ.എസ്, ആൻഡ്രോയ്ഡ്) വഴി വ്യക്തിഗതമാക്കി മാറ്റുകയും ഒരു വ്യക്തിഗത ആരോഗ്യപങ്കാളിയായി പ്രവർത്തിക്കുകയും ചെയ്യുന്നു. ഓരോ വ്യക്തികളെയും അനുസരിച്ച് അവരുടെ കാര്യങ്ങൾ മനസിലാക്കി വ്യക്തിഗത വ്യത്യാസങ്ങൾ വരുത്തി സ്മാർട്ട് അൽഗോരിതങ്ങളും ഗവേഷണ - ഗ്രേഡ് സെൻസറുകളും ഉപയോഗിച്ചാണ് പ്രവർത്തിക്കുന്നത്. ഇതിലെ മൾട്ടി-വേവ്ലെങ്ങ്ത് സെൻസിങ്ങ് സിസ്റ്റവും 18 സിഗ്നൽ പാത്ത്-വേകളും ശരീരത്തിന്റെ വ്യക്തവും വിശ്വസനീയവുമായ ചിത്രം നൽകുകയും വ്യക്തിഗതമായ ആരോഗ്യവിവരങ്ങൾ നൽകുകയും ചെയ്യുന്നു. ലൈറ്റ് വെയ്റ്റ് ടൈറ്റാനിയം കൊണ്ട് നിർമിച്ചിരിക്കുന്ന ഔറ റിങ്ങ് 4, 12 അളവുകളിൽ (4-15) ആറ് ഫിനിഷുകളിൽ (ബ്ലാക്ക്, സിൽവർ, സ്റ്റെൽത്ത്, ബ്രഷ്ഡ് സിൽവർ, ഗോൾഡ്, റോസ് ഗോൾഡ്) ലഭ്യമാണ്.

100-ലധികം ക്രോമ സ്റ്റോറുകളിലും ഓൺലൈനായും ഔറ റിങ്ങ് 4 ലഭ്യമാകും. ആമസോണിൽ നിന്ന് ഓൺലൈനായും ഔറ റിംഗ് 4 വാങ്ങാനാവും.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com